01.06.2024 ശനിയാഴ്ച രാവിലെ 11.00 മണിയ്ക്ക് നടന്ന ഉപജില്ല 2 അദാലത്ത് മിനിട്സ്

അദാലത്തിൽ ഇന്റേണൽ വിജിലൻസ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് ടൌൺ പ്ലാനർ എന്നിവർ പങ്കെടുത്തു.

**തലയോലപറമ്പ് ഗ്രാമപഞ്ചായത്ത്**

1 ശോഭന സി.റ്റി

ശ്രീമതി ശോഭന സി.റ്റി തലയോലപറമ്പ് ഗ്രാമപഞ്ചായത്തിൽ, വടയാർ വില്ലേജിൽ സർവ്വേ നമ്പർ 224/32 ഉൾപ്പെട്ട 60M2 സ്ഥലത്ത് വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിനായി മുൻ ഉടമസ്ഥൻ അനുവദിച്ചിരുന്ന പെർമിറ്റിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് 19.10.2023 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് മാറ്റി നൽകിയിട്ടില്ല എന്നതാണ് പരാതി.

ശ്രീമതി ശോഭന സി.റ്റി 19.10.2023 ലാണ് പെർമിറ്റിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നത് എന്നും രേഖകൾ പരിശോധിച്ചതിൽ 09.05.2018 ൽ മുൻ ഉടമസ്ഥനായ ശ്രീ മംഗൽ, അഭിഷേക് ഭവൻ എന്നയാൾക്ക് അനുവദിച്ച പെർമിറ്റിന്റെ ഉടമസ്ഥാവകാശം 11.09.2018 ൽ ശ്രീ.ജിജി തോമസ് എന്നയാൾക്ക് മാറ്റി നൽകിയിരുന്നുവെന്നും, 26.04.2023 ൽ ശ്രീമതി ശോഭന സി.റ്റി ക്ക് വസ്തു കൈമാറി നൽകിയിരുന്നുവെന്നും, എന്നാൽ 08.05.2021 ൽ കാലാവധി അവസാനിച്ച പെർമിറ്റ് പുതുക്കി നൽകാതെയാണ് തീറാധാരം ചെയ്തതെന്നും സെക്രട്ടറി അറിയിച്ചു. നിലവിൽ സാധുവായ പെർമിറ്റ് ഇല്ലാത്തതിനാലും, സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നതായി അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്ജി.ഡി റിപ്പോർട്ട് ചെയ്തതിനാൽ KPBR 2019 ന് വിധേയമായി കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് 08.11.2023 ൽ അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതായി സെക്രട്ടറി അദാലത്തിൽ അറിയിച്ചു. നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കുവാൻ കക്ഷിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

2. ശശിധരൻ സി എസ്, ശിവദാസൻ പി കെ

തലയോലപറമ്പ് ഗ്രാമപഞ്ചായത്തിൽ വടയാർ വില്ലേജിൽ United Builders ന്റെ Anand Bazar എന്ന കെട്ടിട സമുച്ചയത്തിൽ പരാതിക്കാർ കടമുറികൾ തീറു വാങ്ങുകയുണ്ടായെന്നും, ടി കടമുറികൾക്ക് നമ്പർ ഇട്ട് കിട്ടുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല എന്നതുമാണ് പരാതി.

ടി കെട്ടിട സമുച്ചയം പെർമിറ്റ് ഇല്ലാതെയാണ് മുൻ ഉടമസ്ഥൻ പൂർത്തീകരിച്ചതെന്നും തുടർന്ന് പല വ്യക്തികൾക്കായി കടമുറികൾ തീറാധാരം ചെയ്തു നൽകിയിരുന്നുവെന്നും അദാലത്തിന് ബോധ്യപ്പെട്ടു.

ടി പരാതി ജില്ലാ അദാലത്തിലേക്ക് Escalate ചെയ്യുന്നതിന് തീരുമാനിച്ചു.

**കടുത്തുരുത്തി ഗ്രാമപഞ്ചായത്ത്**

1. സാജൻ ജെ വള്ളീന

കടുത്തുരുത്തി ഗ്രാമപഞ്ചായത്തിൽ പരാതിക്കാരൻ നടത്തി വരുന്ന Fries & Grills Classmates 86 എന്ന റെസ്റ്റോറന്റിന് പഞ്ചായത്തിൽ നിന്നും ലൈസൻസ് പുതുക്കി നൽകുന്നത് നിഷേധിച്ചത് സംബന്ധിച്ചാണ് പരാതി.

Scanned with CamScanner

ടി സ്ഥാപനത്തിന്റെ മാലിന്യസംസ്കരണ സംവിധാനം പര്യാപ്തമല്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കോട്ടയം ജില്ലാ ഓഫീസിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു. മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുമുള്ള അനുമതിപത്രം ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് പുതുക്കി നൽകാൻ സാധിക്കു എന്ന് കക്ഷിക്ക് സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതമായി ലൈസൻസ് പുതുക്കി നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**ഞീഴൂർ ഗ്രാമപഞ്ചായത്ത്**

1. 10 വർഷം കഴിഞ്ഞ പെർമിറ്റ് പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട പരാതിയാണ് സിനാജ് മൈക്കിൾ പരാതി സമർപ്പിച്ചത് .ഈ വിഷയവുമായി ബന്ധപെട്ടു wp ( C) 42232/2023 നമ്പർ കേസ് ബഹുമാനപെട്ട ഹൈകോടതിയുടെ പരിഗണയിലായതിനാൽ കേസിന്റെ വിധി വരുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളു എന്ന് അദാലത്ത് സമിതി തീരുമാനിച്ചു.

**വെള്ളൂർ ഗ്രാമപഞ്ചായത്ത്**

1. നികിതകുമാർ

വെള്ളൂർ ഗ്രാമപഞ്ചായത്തിൽ വെള്ളൂർ വില്ലേജിൽ സർവ്വേ നമ്പർ 491/3 A2-3 ൽപ്പെട്ട വസ്തുവിൽ ശ്രീ രാധാകൃഷ്ണൻ കളപ്പുരപ്പറമ്പിൽ എന്നയാൾ നിർമ്മിച്ചിരിക്കുന്ന 6.78 ച.മീ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം KPBR 2019 പാലിച്ചാണെന്ന് സാങ്കേതിക വിഭാഗത്തിൽ നിന്നും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ ടി പ്ലോട്ടിലുള്ള 43.22 ച..മീ ഷീറ്റഡ് ഏരിയ ക്രമവൽക്കരിക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. ക്രമവൽക്കരണ തുക അടവാക്കുന്നത് സംബന്ധിച്ച് കെട്ടിട ഉടമയ്ക്കുള്ള ആക്ഷേപം അറിയിച്ചിരുന്നു. ഇത് കൂടാതെ പഞ്ചായത്തിൽ ലഭിച്ചിട്ടുള്ള കെട്ടിട ക്രമവൽക്കരണം/നമ്പറിംഗ് എന്നിവയ്ക്കായി ലഭിച്ചിരിക്കുന്ന മറ്റ് ചില അപേക്ഷകളിലും ഷീറ്റഡ് ഏരിയ ഫീ അടവാക്കുന്നത് സംബന്ധിച്ച് അവ്യക്തത ഉണ്ട് എന്നതാണ് പരാതി. KPBR റൂൾ 67 പ്രകാരം ആപ്ലിക്കേഷൻ പുനഃപരിശോധിക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**രാമപുരംഗ്രാമപഞ്ചായത്ത്**

1. അമനകര ശ്രീ ഭാരതസ്വാമി ക്ഷേത്രം വക സ്ഥലത്തു ക്ഷേത്ര ജീവനക്കാർക്ക് താമസിക്കുന്നതിനായി പണി തീർത്ത കെട്ടിടത്തിന് രാമപുരം പഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല എന്നാണ് പരാതിക്കാരന്റെ പരാതി . പെർമിറ്റ് എടുക്കാതെയാണ് നിർമ്മാണം പൂർത്തീകരിച്ചത്, ആകയാൽ കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാൻ കക്ഷിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

Scanned with CamScanner

2. ലിസി തോമസ്

അടുത്ത അദാലത്തിലേക്ക മാറ്റിവച്ചു .

**കാണക്കാരി ഗ്രാമപഞ്ചായത്ത്**

1. തുളസി രഞ്ജു

10.11.2017 ൽ പെർമിറ്റ് എടുത്തിരുന്നു എന്നും, കാലാവധി കഴിയുന്നതിന് മുൻപായി 02.11.2020 ൽ പുതുക്കുന്നതിന് അപേക്ഷ നൽകിയിരുന്നു എന്നും പലതവണ പഞ്ചായത്തിനെ സമീപിച്ചെങ്കിലും പരാതിക്കാരന് വ്യക്തമായ മറുപടി ലഭിച്ചില്ല എന്നും, എന്നാൽ വീണ്ടും പെർമിറ്റ് പുതുക്കി നൽകുന്നതിനായി 20.07.2023 ന് പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു എന്നും പരാതിയിൽ പറയുന്നു.

എന്നാൽ സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം പെർമിറ്റിന്റെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കി നൽകണമെന്നും ഉടമസ്ഥാവകാശം സ്ഥലത്തിന്റെ ഇപ്പോഴത്തെ ഉടമയായ മകളുടെ പേരിൽ മാറ്റി നൽകണമെന്ന് ആവശ്യപ്പെട്ട് 02.12.23 ൽ ടിയാൻ അപേക്ഷ സമർപ്പിക്കുകയും ടി അപേക്ഷയിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥൻ അന്വേഷണം നടത്തിയതിൽ കെട്ടിടം പണി പൂർത്തീകരിച്ചതായി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ നൽകാൻ സെക്രട്ടറി കത്ത് നൽകിയിട്ടുണ്ട്.

നിലവിൽ കെട്ടിടം പണി പൂർത്തീകരിച്ചതിനാൽ റഗുലറൈസ് ചെയ്യുന്നതിന് അപേക്ഷ നൽകാൻ കക്ഷിക്ക് നിർദ്ദേശം നൽകുകയും ലഭ്യമാകുന്ന അപേക്ഷകളിൽ കൃത്യമായും സമയബന്ധിതമായും കക്ഷികൾക്ക് മറുപടി നൽകുന്നതിനും പഞ്ചായത്ത് സെക്രട്ടറിക്ക് താക്കീത് നൽകുന്നതിനും തീരുമാനിച്ചു.

**റ്റി വി പുരം ഗ്രാമപഞ്ചായത്ത്**

1. കണ്ണൻ കെ എൻ

ടി വി പുരം ഗ്രാമ പഞ്ചായത്തിലെ 13ാം വാർഡിലെ 13/246 a,b,c എന്നീ കെട്ടിടങ്ങൾക്ക് അനധികൃതമായി കെട്ടിട നമ്പർ അനുവദിച്ചത് സംബന്ധിച്ചാണ് പരാതി നൽകിയിരിക്കുന്നത്. പഞ്ചായത്തിൽ 26.04.2022 തീയതിയിൽ നടന്ന അദാലത്തിൽ വച്ച് നമ്പർ ഇട്ട് നൽകി എന്ന് സെക്രട്ടറി അറിയിച്ചു. ആയത് നിയമ പരമാണോ എന്ന് പരിശോധിക്കുന്നതിന് അദാലത്ത് സമിതി തീരുമാനിച്ചു.

**ഉദയനാപുരം ഗ്രാമപഞ്ചായത്ത്**

1. ലേഖ പി റ്റി

പരാതിക്കാരിയുടെ ഭർത്താവ് മരണപ്പെട്ടുകയും ടിയാളുടെ ഭർത്താവിന്റെ ഉടമസ്ഥതയിലുള്ള വാസഗൃഹം ടിയാരിയുടെ പേരിലേക്ക് മാറ്റി കിട്ടുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചെങ്കിലും യാതൊരു നടപടിയും എടുത്തിട്ടില്ലെന്നും ആണ് പരാതി. ആവശ്യമായ രേഖകൾ ഹാജരാകുന്നതിന് കക്ഷിക്ക് കത്ത് നല്കിയിട്ടുള്ളതാണ് എന്ന് സെക്രട്ടറി അറിയിച്ചു .

Scanned with CamScanner

ആധാരം, കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കുന്നതിന് കക്ഷിക്ക് നിർദേശം നൽകി തീരുമാനിച്ചു.

അദാലത്ത് കൃത്യം 1 മണിക്ക് അവസാനിച്ചു.

Scanned with CamScanner